


മജീദ് കുട്ടമ്പൂർ

majkut69@gmail.com

**പച്ചക്കറി വാങ്ങുമ്പോഴുള്ള ജാഗ്രത പോലും കാട്ടാതെ തട്ടിപ്പുകാരന്റെ വലയിൽ കുടുങ്ങി പണം നഷ്ടപ്പെടുന്നതിന് ഒരൊറ്റ കാരണമേയുള്ളൂ. മെയ്യനങ്ങാതെ പണം സമ്പാദിക്കാനുള്ള ആർത്തി.**

# തട്ടിപ്പിന്റെ വെള്ളിമെഡൽ

ആർക്കും എപ്പോഴും വെട്ടിപ്പും തട്ടിപ്പും നടത്താവുന്ന നാടായിരിക്കുന്നു നമ്മുടേത്. ഇരകളെ കിട്ടാൻ പറ്റിയ ഇടമാണ് കേരളമെന്ന് തട്ടിപ്പ് നടത്താനിറങ്ങിത്തിരിക്കുന്ന നാടനും മറുനാടനുമറിയാം. ഏത് ആശയത്തെയും ഇരുകൈയും നീട്ടി, ചോദ്യമോ അന്വേഷണമോ ഇല്ലാതെ മലയാളി സ്വീകരിച്ചുകൊള്ളും. ആന്ധ്രയിലോ ദൽഹിയിലോ തമിഴ്നാട്ടിലോ ഉള്ള തട്ടിപ്പുകാർ വെറുതെ ഒരു പരസ്യമിട്ടാൽ പോലും ഏതെങ്കിലും മലയാളി ആ ചൂണ്ടയിൽ എളുപ്പം കൊത്തും. മുമ്പൊരുത്തൻ 'ചുളുവിൽ എങ്ങനെ പണം സമ്പാദിക്കാമെന്ന വിദ്യ അറിയാൻ നൂറ് രൂപ മണി ഓർഡർ അയക്കുക' എന്ന് ഒരു മലയാള പത്രത്തിൽ പരസ്യമിട്ടത്രെ! അയച്ചവർക്കെല്ലാം അയാൾ മറുപടിയും അയച്ചു: 'ഇങ്ങനെയാണ് പണമുണ്ടാക്കുക!' കഴിഞ്ഞ പത്ത് വർഷത്തിനിടെ തട്ടിപ്പിനിരയായി നഷ്ടപ്പെട്ട, മലയാളിയുടെ പണത്തിന്റെ കണക്കെടുത്താൽ ലോകത്തിൽ അതിവേഗം, അനായാസം പറ്റിക്കാൻ കഴിയുന്ന ജനസമൂഹമാണ് മലയാളികളെന്ന് ബോധ്യപ്പെടുമെന്ന് മുൻ ഡി.ജി.പി ജേക്കബ് പുന്നൂസ് അഭിപ്രായപ്പെടുകയുണ്ടായി.



കോട്ടും ടൈയും ധരിച്ച വിദേശി മുതൽ അന്യസംസ്ഥാനത്തെ വട്ടിപ്പലിശക്കാരൻ വരെ തട്ടിപ്പിലൂടെ നമ്മുടെ പണം പോക്കറ്റിലാക്കി മുങ്ങുന്നു. ആന്ധ്രയിൽ നിന്നോ തമിഴ്നാട്ടിൽ നിന്നോ എത്തി സ്വർണാഭരണങ്ങൾക്ക് തിളക്കമേറ്റാമെന്ന് പറഞ്ഞ് കബളിപ്പിക്കുന്നത് വീട്ടമ്മമാർ തിരിച്ചറിയുന്നത് സ്വർണത്തിന്റെ നല്ലൊരു പങ്കുമായി, ലായനിയിൽ കലർത്തി തട്ടിപ്പുകാർ സ്ഥലം വിട്ടതിന് ശേഷമാണ്. എൽ.ഇ.ഡി ലൈറ്റിന്റെ പ്രകാശം നാഗമാണിക്യത്തിന്റെ തിളക്കമാണെന്ന് വിശ്വസിപ്പിച്ച് 'അത്ഭുത കല്ലിന്റെ' പേരിൽ ലക്ഷങ്ങൾ നഷ്ടപ്പെട്ട അഭ്യസ്തവിദ്യർ വരെ നമ്മുടെ നാട്ടിലുണ്ട്. ദേഹത്ത് പശിമയുള്ള, വിഷമില്ലാത്ത പാമ്പിനെ ഗോൾഡൻ കളർ പൂശി 'സ്വർണ സർപ്പ'മാക്കി സിദ്ധൻ തട്ടിപ്പ് നടത്തിയത് ദൈവത്തിന്റെ സ്വന്തം നാട്ടിൽ!

മുംബൈയിൽ നിന്ന് ദൽഹിയിൽ നിന്നുമൊക്കെ ഫ്ളൈറ്റിൽ വന്നിറങ്ങി കബളിപ്പിക്കുന്നവരും തട്ടിപ്പ് നടത്തുന്നവരുമായ 'വി.ഐ.പികൾ' വേറെ. വെള്ളിമൂങ്ങയും ഇരുതലമൂരിയും നക്ഷത്ര ആമയും അത്ഭുത കൂണും ജപ്പാൻ കിടക്കയും റൈസ് പുള്ളറുമൊക്കെയായി മലയാളികൾ കബളിപ്പിക്കപ്പെട്ട രീതികളെത്ര! ഇലക്ട്രോണിക് യുഗത്തിൽ റിംഗ് ടോൺ മുഴക്കി മൊബൈൽ ഫോണിലൂടെയും ഇന്റർനെറ്റിലൂടെയുമെത്തുന്ന ന്യൂജനറേഷൻ തട്ടിപ്പ് വേറെ. ഡോളറോ പൗണ്ടോ ആയി ലക്ഷങ്ങൾ സമ്മാനമായി കിട്ടുന്നതിന് പ്രാരംഭ തുക അയച്ചു കൊടുക്കണമെന്ന് ഇ-മെയിലോ എസ്.എം.എസോ കിട്ടിയാൽ സമയം കളയാതെ, ആരോടും പറയാതെ പണമയച്ച് കാത്തിരിക്കുന്നവരെത്ര!

ആഡംബര പ്രിയരായ 'ആത്മീയ ഗുരുക്കന്മാരു'ടെ തട്ടിപ്പ് ആ മേഖലയിൽ വേറെ നടക്കുന്നു. താൽക്കാലിക ശാന്തി തേടിയെത്തുന്നവർക്ക് മനുഷ്യദൈവങ്ങളും വ്യാജ സിദ്ധന്മാരും ഒരുക്കുന്ന ഇൻസ്റ്റന്റ് പാക്കേജുകൾ! കാര്യസാധ്യത്തിലേക്കും ആത്മഹർഷത്തിലേക്കും എളുപ്പം ചെന്നെത്താനുള്ള, സിദ്ധാശ്രമങ്ങളിലെയും ജാറങ്ങളിലെയും തട്ടിപ്പുകളും വ്യാപാരങ്ങളുമെത്ര! മാരണവും ജിന്ന് ഇറക്കലും ജിന്ന് കയറ്റലും കമ്പ്യൂട്ടർ ജാതകവും അറബി മാന്ത്രികവുമാകുന്ന വലകളിൽ വിദ്യാസമ്പന്നർ പോലും പെട്ട് പോകുന്നു! തട്ടിപ്പും മന്ത്രവാദവും പഠിപ്പിച്ച് കൂടെ ജോലി നൽകാമെന്ന് പറഞ്ഞു പോലും സാക്ഷര കേരളത്തിൽ തട്ടിപ്പ് നടത്തിയതായി പരാതികൾ...

ഉയർന്ന സാക്ഷരതയുടെയും സാംസ്കാരിക സാമൂഹിക നിലവാരത്തിന്റെയും വീമ്പ് പറയുന്ന മലയാളി, മറ്റെന്തിനെയും സംശയദൃഷ്ടിയോടെ നോക്കുന്ന മലയാളി ധനമോഹത്താൽ ഇടവും വലവും നോക്കാതെ, പച്ചക്കറി വാങ്ങുമ്പോഴുള്ള ജാഗ്രത പോലും കാട്ടാതെ തട്ടിപ്പുകാരന്റെ വലയിൽ കുടുങ്ങി പണം നഷ്ടപ്പെടുത്തുന്നതിന് ഒരൊറ്റ കാരണമേയുള്ളൂ. മെയ്യനങ്ങാതെ പണം സമ്പാദിക്കാനുള്ള ആർത്തി. അതിവേഗം പണമുണ്ടാക്കാൻ പൂതി വെച്ച് നടക്കുന്ന ആർത്തിപ്പണ്ടാരങ്ങളാണോ മലയാളികൾ? രോഗാതുരമായ ഈ ദുരയും ആർത്തിയും മലയാളി മനസ്സുകളിൽ മറ്റുള്ളവരെക്കാൾ കൂടുതലാണെന്ന് സാമൂഹിക ശാസ്ത്രജ്ഞർ സാക്ഷ്യപ്പെടുത്തുന്നു. അതിനാലാവാം രാജ്യത്ത് തട്ടിപ്പിൽ രണ്ടാം സ്ഥാനത്തിന് നാം അർഹരായത്. ■

Vol. No: 71 Issue No. 04 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla